(ഇ) ശബരിമല പാതയിൽ അടിക്കടിയുണ്ടാകുന്ന വാഹനാപകടങ്ങൾ പരിഗണിച്ച് റാന്നി ഫയർ സ്റ്റേഷന് പുതിയ റിക്കവറി വാനും ആംബുലൻസും അടിയന്തിരമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സീതത്തോട്ടിൽ അഗ്നിശമന രക്ഷാനിലയം ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലവും കെട്ടിടവും അഗ്നിശമനരക്ഷാ സേവന വകുപ്പിന് ലഭ്യമായിട്ടില്ല.

(സി) റാന്നി ഫയർ സ്റ്റേഷനിൽ താഴെപ്പറയുന്ന പ്രകാരമുള്ള വാഹനങ്ങളാണ് ഉള്ളത്:

വാട്ടർ ടെണ്ടർ	-	3 എണ്ണം.
ഇൻഡസ്ട്രിയൽ വാട്ടർ ടെണ്ടർ	-	1 എണ്ണം
ജീപ്പ്	-	1 എണ്ണം.

(ഡി) രണ്ട് ഫയർ ടെണ്ടറുകളാണ് കേടായതുമൂലം ഉപയോഗിക്കാൻ കഴിയാത്തത്. ആയത് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. പുതിയ ഒരു ഫയർ ടെണ്ടർ ഈ വർഷം റാന്നി നിലയത്തിലേക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. റാന്നി നിലയത്തിൽ റിക്കവറി വാൻ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) റിക്കവറി വാനും ആംബുലൻസും മറ്റും വാങ്ങുമ്പോൾ ലഭ്യതയുടെ അടിസ്ഥാനത്തിൽ റാന്നി നിലയത്തിലേക്ക് അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ഹരിപ്പാട് നിയോജക മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ

96(366) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫയർസ്റ്റേഷൻ സ്ഥാപിക്കാൻ കായംകുളം രാജീവ്ഗാന്ധി കമ്പയിൻഡ് സൈക്കിൾ പവർ പ്രോജക്ട് വക സ്ഥലം ലഭ്യമാക്കാൻ പ്രോജക്ട് അധികൃതരോട് ആവശ്യപ്പെടുമോ;

(സി) പ്രസ്തുത പ്രോജക്ട് വകയിൽനിന്നും അര ഏക്കർ സ്ഥലം അനുവദിപ്പിക്കുന്നതിന് സർക്കാർ ഇടപെടൽ ഉണ്ടായാൽ ഈ ഫയർ സ്റ്റേഷൻ യാഥാർത്ഥ്യമാകും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തിനകം ഈ ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

പുതിയ ഫയർസ്റ്റേഷനുകൾ പ്രവർത്തനമാരംഭിക്കുന്നതിന് നടപടി

97(389) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാളയിലേതുൾപ്പെടെ പുതിയ ചില ഫയർസ്റ്റേഷനുകൾ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി എന്തായെന്നും പുതിയ ഫയർ സ്റ്റേഷനുകൾ എന്നത്തേക്ക് പ്രവർത്തനം തുടങ്ങുമെന്നും വ്യക്തമാക്കുമോ:

(ബി) മാള ഫയർസ്റ്റേഷനുവേണ്ടി പണി തീർത്ത കെട്ടിടത്തിൽ ചില അധിക പ്രവൃത്തികൾക്കായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന്റെ സ്ഥിതിയെന്താണെന്ന് പറയാമോ;

(സി) പ്രസ്തുത അധിക പ്രവൃത്തികൾ ഉടനെ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാളയുൾപ്പെടെ എട്ട് ഫയർ റെസ്ക്യൂ സ്റ്റേഷനുകൾക്കുവേണ്ടി 168 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഇതിൽ കൊട്ടാരക്കര, കൊടുവള്ളി, ഇരിട്ടി എന്നിവിടങ്ങളിൽ സ്റ്റേഷനുകൾ ആംഭിച്ചു കഴിഞ്ഞു. മറ്റ് സ്റ്റേഷനുകൾ ഉടൻ തുറന്ന് പ്രവർത്തനം ആംഭിക്കുന്നതാണ്.

(ബി&സി) സർക്കാരിന്റെ പരിശോധനയിലാണ്.

ഫയർ ഫോഴ്സിന്റെ നവീകരണം

98(390) ശ്രീ. എം. എ. വാഹിദ് :

ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർഫോഴ്സിന്റെ നവീകരണത്തിനായി ഈ സർക്കാർ ഇതുവരെ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി;

LIBRARY ARCHIVES Kerala Legislative Assembly